ഇലക്ട്രോണിക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടന

*218. [354] ശ്രീ ബെന്നി ബഹനാൻ:
,, പന്തളം സുധാകരൻ:
,, സ്റ്റീഫൻ പാദുവ:
,, കെ. സി. ജോസഫ്:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യർക്ക് ഇലക്ട്രോണിക്സിൽ ഉന്നത പരിശീലനം നൽകുന്നതിനുവേണ്ടി രൂപം കൊണ്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടന എന്താണ്; മുഖ്യ ചുമതല എന്തൊക്കെയാണ്;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വേണ്ടി വരുന്ന പ്രതിവർഷ ചെലവ് എത്രയാണ്;

(സി) കേന്ദ്രഗവൺമെന്റിൽനിന്നും ഈ പദ്ധതിക്കായി ലഭിക്കുന്ന സഹായം എത്ര;

(ഡി) എന്നുമുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കും?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) തിരുവിതാംകൂർ കൊച്ചി ലിറ്റററി സർവ്വീസ് ചാരിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന ഒരു സൊസൈറ്റിയായിട്ടാണ് ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പു മന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി എക്സ്-ഒഫീഷ്യോ വൈസ് ചെയർമാനുമായിട്ടുള്ള ഗവേണിംഗ് ബോഡിയായിരിക്കും ഇതിന്റെ ഭരണം നടത്തുന്നത്. സൊസൈറ്റി ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല. അതിനാവശ്യമായ ചട്ടങ്ങളും മറ്റും ഉണ്ടാക്കിവരുന്നതേയുള്ളൂ. ഇലക്ട്രോണിക്സിനെപ്പറ്റി ജനസമൂഹത്തിനാകെ തന്നെ അറിവ് നൽകത്തക്കവിധം സ്കൂൾ തലത്തിലും കോളേജ് തലത്തിലും അഭ്യസിപ്പിക്കുന്നതും ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ് തലത്തിൽ ഇലക്ട്രോണിക്സിൽ ഉന്നത പരിശീലനം നൽകുന്നതുമാണ് ഇതിന്റെ മുഖ്യ ചുമതല.

(ബി) 7-ാം പദ്ധതിക്കാലത്ത് താഴെപ്പറയുന്ന രീതിയിൽ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്:

വർഷം	ആവർത്തനച്ചെലവ്	അനാവർത്തനച്ചെലവ്
1986-87	7.2 ലക്ഷം	30 ലക്ഷം
1987-88	21.5 ,,	135 ,,
1988-89	35.8 ,,	234 ,,
1989-90	49.5 ,,	346 ,,
1990-91	60 ,,	280 ,,
ആകെ		1199 ലക്ഷം രൂപ

(സി) സഹായധനമായി മൊത്തം ചെലവിന്റെ 75 ശതമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് 1986 സെപ്റ്റംബറോടുകൂടി പ്രവർത്തനം ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ: ഇലക്ട്രോണിക് വിദ്യാഭ്യാസം കൂടുതൽ വ്യാപകമാക്കുന്നതിനുവേണ്ടിയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരുന്നതെന്ന് പറഞ്ഞു. ഇന്നു നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജ്, പോളി ടെക്നിക്, ഐ. ടി. ഐ., തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ ഉദ്ദേശ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടാണോ ഇതുപോലെയൊരു സ്ഥാപനം തുടങ്ങാൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഴുള്ള സ്ഥാപനങ്ങൾ വഴിയുള്ള ഇൻടേക്ക് വളരെ കുറവായതുകൊണ്ടാണ് ഇങ്ങനെ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെൻറ് വളരെ ഗൗരവമായി ആലോചിക്കുന്നത്.

ശ്രീ. ബെന്നി ബഹനാൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി ആക്ടിംഗ് ചെയർമാനുമായിട്ടുള്ള ഈ സ്ഥാപനത്തിന് ഒരു ഓട്ടോണമസ് ബോഡിയെന്നുള്ള നിലയിലാണോ ഇതിന്റെ ഘടനക്ക് രൂപം കൊടുത്തിരിക്കുന്നത്? മാൻപവർ റിസോഴ്സസാണ് ഇതിന്റെ മുഖ്യലക്ഷ്യമെന്നു പറഞ്ഞു. അതനുസരിച്ച് അതിന്റെ പ്രവർത്തനത്തിൽ എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതൊരു ഓട്ടോണമസ് ബോഡിയാണ്. വിദ്യാഭ്യാസമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി വൈസ് ചെയർമാനുമായിട്ടുള്ള 22 പേരടങ്ങുന്ന ഒരു സമിതിയാണ് ഇതിന്റെ ഭരണം നിർവ്വഹിക്കാൻവേണ്ടി ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യമെന്നു പറയുന്നത് ഗ്രാഡുവേറ്റ്, പോസ്റ്റ് ഗ്രാഡുവേറ്റ്, പോസ്റ്റ് ഡിപ്ലോമ എന്നീ കോഴ്സുകൾ ഇലക്ട്രോണിക്സിൽ നടത്തുക, ഇലക്ട്രോണിക്സ് ഡിസൈൻ ടെക്നിക്, ടെലിവിഷൻ-വി.സി.ആർ. ടെക്നിക്, മെഡിക്കൽ ഇലക്ട്രോണിക്സ്, ബയോ മെഡിക്കൽ ഇലക്ട്രോണിക്സ്, പ്രോസസ് കൺട്രോൾ ഇൻസ്ട്രുമെന്റേഷൻ, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആൻറ് അപ്ലിക്കേഷൻസ് സിസ്റ്റം, ടെലി കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളും ഡിപ്ലോമ സർട്ടിഫിക്കറ്റുകളും നടത്തുക എന്നുള്ളതാണ് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത്.

Shri. Stephen Padua: Will the Minister be pleased to state the names, if available, of the other members of the Governing Body of this Institute?

ശ്രീ. ടി. എം. ജേക്കബ്: ഇതിലെല്ലാം ഔദ്യോഗികമായിട്ടുള്ള ആളുകൾ തന്നെയാണ്. ഞാൻ ആദ്യം മെയിൻ ചോദ്യത്തിന് മറുപടിയായിട്ട് പറഞ്ഞത് രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഫീഷ്യൽസാണ് മുഴുവനും.

Shri. Stephen Padua: Will the Minister be pleased to state the part proposed to be played by this Institute in the development of human resources as envisaged by the new National Education Policy?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഇതിന്റെ പ്രധാനപ്പെട്ട ഉദ്ദേശമെന്നു പറയുന്നു, ദേശീയ വിദ്യാഭ്യാസ നയവുമായി ഇതിനു പ്രത്യക്ഷമായി ബന്ധമില്ല. പക്ഷെ കേന്ദ്രഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത് 1990 ആകുമ്പോഴേക്കും പതിനായിരം കോടി രൂപയുടെ ഇലക്ട്രോണിക്സ് എക്യുപ്മെന്റ്സ് നമ്മുടെ രാജ്യത്ത് ഉണ്ടാക്കേണ്ടി വരുമെന്നാണ്. ഇപ്പോഴത്തെ നിലവിലുള്ള സംവിധാനമനുസരിച്ച് രണ്ടായിരം കോടി രൂപയുടെ എക്യുപ്മെന്റ്സാണ് നമ്മൾ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനാവശ്യമായി വരുന്ന മാൻപവർ വളരെയേറെയാണ്. ഇപ്പോഴത്തെ നിലയിലാണ് ഇൻഡ്യാരാജ്യം മുന്നോട്ടു പോകുന്നതെങ്കിൽ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്, ഗ്രാഡുവേറ്റ്, പോസ്റ്റ് ഗ്രാഡുവേറ്റ്, ഡിപ്ലോമാ, സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് എന്നിവരെ സംബന്ധിച്ചിടത്തോളം 1989-90 ആകുമ്പോഴേക്കും ഒരു ലക്ഷത്തി പതിനയ്യായിരത്തിയിരുന്നൂറിൽപ്പരം പേരുടെ ഷോർട്ട് ഫാളുണ്ടാകുമെന്നാണ്. ഈ ഷോർട്ട് ഫാളിൽ 10 ശതമാനം കേരളത്തിൽനിന്നു പ്രൊഡ്യൂസ് ചെയ്തുകൊടുക്കാമെന്നാണ് നമ്മൾ സമ്മതിച്ചിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിലാണ് ഈ സ്ഥാപനങ്ങളുണ്ടാക്കുന്നതും അതിനുള്ള പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നതും.

ശ്രീ. കെ. സി. ജോസഫ്: ഇലക്ട്രോണിക്സ് വ്യവസായത്തിന് വളരെയധികം വികസന സാദ്ധ്യതയുള്ള ഈ കാലഘട്ടത്തിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം തലസ്ഥാനത്തുമാത്രമായി ഒതുക്കി നിർത്താതെ സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലും ഇതിന്റെ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിന്റെ പ്രവർത്തനങ്ങളുടെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും. എന്നാൽ ഇതിനുവേണ്ടി 7-ാം പദ്ധതിക്കാലത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ റിജിയണൽ സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലം, കോട്ടയം, കൊച്ചി, തൃശ്ശൂർ, പാലക്കാട്, കാലിക്കറ്റ് എന്നീ സ്ഥലങ്ങളിൽ റിജിയണൽ സെന്ററുകൾ ആരംഭിക്കും.

ശ്രീ. കെ. സി. ജോസഫ്: ഇലക്ട്രോണിക്സ് വ്യവസായരംഗത്ത് നിലവിലുള്ള വികസന സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് ഈ സെന്ററുകൾകൂടി കഴിയുന്നത്ര വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കാനുദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് 7-ാം പദ്ധതിക്കാലത്ത് ആരംഭിക്കുന്നതാണ്. അടുത്ത 4 വർഷക്കാലത്തിനുള്ളിൽ ഞാൻ പറഞ്ഞ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കും.

ശ്രീ. കെ. മുഹമ്മദാലി: ഇലക്ട്രോണിക്സ് മേഖലയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യമാണ് ഇങ്ങനെയൊരു ഇൽസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു. ഇലക്ട്രോണിക്സ് രംഗത്ത് വിദഗ്ദ്ധൻമാരായ നമ്മുടെ സംസ്ഥാനത്തെ ആളുകൾ ഇന്ന് വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹായവും സേവനവും നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള കേന്ദ്രങ്ങൾ നന്നായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടാണ് ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വിദഗ്ദ്ധൻമാരായിട്ടുള്ള കേരളീയർ പുറത്തുണ്ടെങ്കിൽ അവരുടെ സേവനംകൂടി ലഭ്യമാക്കുന്നതിൽ സന്തോഷമേയുള്ളൂ. ഇങ്ങനെയുള്ള ആളുകളുടെ സേവനം ലഭ്യമാക്കാമോ എന്നുള്ളത് പ്രത്യേകമായിട്ട് അന്വേഷിക്കുന്നുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഇതിനുള്ള സൗകര്യമില്ലെന്നു മന്ത്രി പറഞ്ഞു. ഇതിനു വേണ്ടി മുടക്കുന്ന മൂലധനമുപയോഗിച്ചുകൊണ്ട് നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ വികസിപ്പിക്കുവാൻ കഴിയുകയില്ലേ? നിലവിലുള്ളതിൽ നിന്നു കൂടുതൽ തൊഴിൽസാദ്ധ്യതയുണ്ടെന്നു പറഞ്ഞു. ഇപ്പോൾ നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നു ബിരുദമെടുത്തു വരുന്ന നിരവധിയാളുകൾ തൊഴിലില്ലാതിരിക്കുകയാണ്. ഇലക്ട്രോണിക്സിനു കൂടുതൽ പ്രാധാന്യം കൊടുത്ത് ഈ ബ്രാഞ്ച് ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളെ തന്നെ വികസിപ്പിക്കുവാൻ ഈ ഫണ്ട് ഉപയോഗിക്കുവാൻ കഴിയുകയില്ലേ? എഞ്ചിനീയറിംഗ് കോളേജുകളിൽതന്നെ ഇതു നടപ്പിലാക്കിയാൽ ഈ 75 ശതമാനം കിട്ടുന്നതിന് തടസ്സമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഒരു കോ-ഓർഡിനേഷൻ ഏജൻസിയായി പ്രവർത്തിക്കുകയെന്നുള്ളതാണ് ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നടന്നുവരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പോളി ടെക്നിക്കുകളിൽനിന്നും ടെക്നിക്കൽ ഹൈസ്കൂളുകളിൽനിന്നും, ഡിഗ്രി, പോസ്റ്റ് ഡിപ്ലോമ, ഡിപ്ലോമ, എന്നീ കോഴ്സുകളിലായി പ്രതിവർഷം 857 പേരെയാണ് നമുക്ക് പുറത്തുകൊണ്ടുവരാൻ കഴിയുന്നത്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുകയോ, കെൽട്രോൺ, ഐ. എസ്. ആർ. ഒ. തുടങ്ങിയ വ്യവസായസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ഇതുപോലെയുള്ള കോഴ്സുകൾ ആരംഭിക്കാൻ കഴിയുമോയെന്ന് പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഇപ്പോൾ ഇവിടെ നടന്നുവരുന്ന ലാൽ ബഹദൂർ ശാസ്ത്രി സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി അവിടെ കൂടുതൽ കോഴ്സുകൾ ആരംഭിക്കും. വിദ്യാഭ്യാസ ഏജൻസികളും വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഏജൻസിയായിട്ടാണ് ഇത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇൻഡ്യയിലുള്ള പല സ്റ്റേറ്റുകളിലും ഇതുപോലെയുള്ള സംവിധാനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കൂടി നിർദ്ദേശപ്രകാരമാണ് ഈ സ്ഥാപനങ്ങൾ ഒരു ഓട്ടോണമസ് ബോഡിയായി രജിസ്റ്റർ ചെയ്തുകൊണ്ട് പ്രവർത്തിക്കാൻ ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 274 (354) കാണുക]

തിരുവനന്തപുരം	കരിച്ചൽ, പൂന്തുറ, പനത്തറക്കര, വേളി, വലിയതുറ ചിലക്കൂർ, പാവനാശം, പെരുമാതുറ, പുത്തൻ തോപ്പ്, പുതുക്കുറിച്ചി.
കൊല്ലം	തൃക്കുന്നപ്പുഴ, ചവറ, കോവിൽത്തോട്ടം, പെരുമ്പള്ളി, വല്ലന, ശ്രായിക്കാട്, ഇടവ, നീണ്ടകര, തോട്ടപ്പള്ളി, ആല്പാട്, താന്നി, കൊച്ചുപുഴുമുട്, പൊൻമന, പറയകടവ്.
ആലപ്പുഴ	പള്ളിത്തോട്ടം, പുറക്കാട്, അമ്പലപ്പുഴ, വണ്ടാനം, അർത്തുങ്കൽ, വടയ്ക്കൽ, പുന്നപ്ര, ചെട്ടിക്കാട്, അന്ധകാരനഴി, തുമ്പോളി.
എറണാകുളം	നായരമ്പലം, പുത്തൻപാടം, ഞാറയ്ക്കൽ, പുതുവൈപ്, ഫോർട്ടുകൊച്ചി, ചെല്ലാനം, വൈപ്പിൻ, പഴങ്ങാട്, വലങ്ങാട്, ചെറിയകടവ്, കണ്ണമാലി, കുഴിപ്പിള്ളി, സൗദി, ഇളംകുന്നപ്പുഴ, എടവനക്കാട്, മാലിപ്പുറം, പുത്തൻതോട്.
തൃശ്ശൂർ	അഴീക്കോട്, എരിയാട്, പെരിഞ്ഞാനം, കൂളിമുട്ടം, കൈപ്പമംഗലം, ചേറുവാ അഴി, കാര, ചാവക്കാട്, എങ്ങണ്ടിയൂർ.
മലപ്പുറം	പരപ്പനങ്ങാടി, കടലുണ്ടി നഗരം, പൂരപ്പുഴ, ആലിങ്കൽ, ചീരൻ കടപ്പുറം, കോർമൻ കടപ്പുറം, അരിയല്ലൂർ, ഒസാൻ കടപ്പുറം, പടിഞ്ഞാറേക്കര, കൂട്ടായി, തെക്കേ കടപ്പുറം, അരയൻ കടപ്പുറം, വക്കാട്, പൊന്നാനി.
കോഴിക്കോട്	കോഴിക്കോട് കടപ്പുറം, പുതിയാപ്പ, കല്ലായി, ഏലത്തൂർ, കാപ്പാട്, ചേറോട്, ചാലിയം, കപ്പടക്കൽ, കൈതവളപ്പ്, അയനിക്കാട്, ഗോഡേശ്വരം, ചില്ലിത്തോട്, കൂടാടി, എടീക്കൽ, തിക്കോടി, മുട്ടങ്ങവളപ്പ്, അഴിയൂർ, പള്ളിക്കണ്ടി, ബേപ്പൂർ, മടപ്പള്ളി, ചെമ്മീൻകുളം, ആനാട്, നാന്ദമംഗലം, ആവിയ്ക്കൽ,
കണ്ണൂർ	മാട്ടൂൽ, രാമന്തളി, മാഹി, മുഴപ്പിലങ്ങാട്, ചാലാട്, പൂച്ചക്കര, മീൻകുന്ന് കടപ്പുറം, കീഴുന്ന, കുന്നുവീട് കടപ്പുറം, അഴിക്കൽ, തയ്യിൽ, പുതിയങ്ങാടി, ധർമ്മടം, കുറിച്ചിൽ, തോട്ടട, പള്ളിക്കര,
കാസർകോട്	കിഴൂർ, ബേക്കര, പെരിങ്ങൽ, മുത്തുങ്ങ, കീഴല്ലൂർ, ബേക്കൽ, പുഞ്ചാവി, കാവുഗേളി, മഞ്ചേശ്വരം, അടുക്കത്ത് ബേയിൽ, പടന്ന.

LIBRARY ARCHIVES Kerala Legislative Assembly